പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അതോടൊപ്പം സംസ്ഥാനത്ത് സബർബൻ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരുമായി 50:50 ഓഹരിയുള്ള കൂട്ടുസംരംഭത്തിന് അനുമതി പ്രത്യേകമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എറണാകുളം ജില്ലയിലെ റെയിൽവേ വികസനത്തിനായി നിരവധി പദ്ധതികളും DEMU/MEMU സർവ്വീസുകൾ ആരംഭിക്കുവാനും റെയിൽവേയുമായി ധാരണയായിട്ടുണ്ട്. ഇവയിൽ എറണാകുളം ആലുവ റൂട്ടിൽ DEMU സർവ്വീസ് ഇതിനകം ആരംഭിച്ച് കഴിഞ്ഞു.

റെയിൽവേ വികസനം

61(2049) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ അനുവദിക്കപ്പെട്ടു ;

(സി) ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഏതെല്ലാം പദ്ധതികൾ പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങിയെന്നും ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിനാവശ്യമായ എല്ലാ പദ്ധതികളും പണികളും എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം 2015-16 റെയിൽ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. അതിലുൾപ്പെടുത്തിയിരുന്ന പ്രധാനകാര്യങ്ങൾ അനുബന്ധം-1 ആയി വച്ചിരിക്കുന്ന രേഖയിൽ കാണാവുന്നതാണ്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പളം-ഇറവൂർ പാത ഇരട്ടിപ്പിക്കൽ 2011-12 റെയിൽവേ ബഡ്ജറ്റിലും തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ 2015-16-ലും അനുവദിച്ചു. ROB/RUB/Subway ഓരോ വർഷവും അനുവദിച്ചവ ചുവടെ ചേർത്തിരിക്കുന്നു :

2011-12	...	2
2012-13	...	16
2013-14	...	14
2014-15	...	1
2015-16	...	14

അനുവദിക്കപ്പെട്ടിട്ടുള്ള കൂടുതൽ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ റെയിൽവേയിൽനിന്ന് ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട് പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങിയ പദ്ധതികളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.* പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് പ്രഖ്യാപനത്തിൽമാത്രം ഒതുങ്ങിയ പദ്ധതികളുടെ വിവരങ്ങൾ 2015-16-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ നൽകിയ മെമ്മോറാണ്ടത്തിലും പ്രത്യേകമായി ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

62(2050) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തെ റെയിൽവെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേരളം ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ കേരളത്തിലെ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി റെയിൽവേ എത്ര തുക നീക്കിവച്ചെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിന്നുള്ള ബഹു. എം.പി.-മാരുമായും റെയിൽവേയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തി സംസ്ഥാനത്തിനായി റെയിൽവേ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly